LIBRARY ARCHIVES Kerala Legislative Assembly

ആഭിമുഖ്യത്തിലാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണം, ഡ്രൈഡേ ആചരണം, കൊതുക് നിയന്ത്രണം, കുടിവെള്ളം ക്ലോറിനേഷൻ, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ബോധവത്ക്കരണത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനുമായുള്ള ദിന/വാര/മാസാചരണങ്ങൾ, ക്യാമ്പയിനുകൾ തുടങ്ങിയവയും ഇതോടൊപ്പം നടത്തുന്നു. കൂടാതെ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാന/ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഇന്റർസെക്ടറൽ യോഗങ്ങളും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ രോഗനിയന്ത്രണത്തിനും പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണം കുറയ്ക്കുന്നതിനും സഹായകരമാകുന്നു.

ഡയാലിസിസ് സെന്ററുകൾ

203 (1569) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് ചികിത്സ ആവശ്യമുള്ള രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായും നിലവിലുള്ള ഡയാലിസിസ് സെന്ററുകൾ പരിമിതമാണെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ആശുപത്രികളിൽ 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021-ഓടെ 6 ഡയാലിസിസ് യൂണിറ്റുകൾകൂടി പ്രവർത്തനസജ്ജമാകും.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ - 30

കൊല്ലം മെഡിക്കൽ കോളേജിൽ -11

ആലപ്പുഴ മെഡിക്കൽ കോളേജിൽ -25

കോട്ടയം മെഡിക്കൽ കോളേജിൽ -42

ഇടുക്കി മെഡിക്കൽ കോളേജിൽ -5

എറണാകുളം മെഡിക്കൽ കോളേജിൽ -17

തൃശ്ശൂർ മെഡിക്കൽ കോളേജിൽ -22

മഞ്ചേരി മെഡിക്കൽ കോളേജിൽ -8

കോഴിക്കോട് മെഡിക്കൽ കോളേജിൽ -45

കണ്ണൂർ മെഡിക്കൽ കോളേജിൽ -25

LIBRARY ARCHIVES Kerala Legislative Assembly

ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ എത്തുന്ന പരമാവധി രോഗികൾക്ക് ഡയാലിസിസ് നടത്തിവരുന്നുണ്ട്. ഇതിനായി കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കാളും രോഗികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പ്രതിരോധ നടപടികളിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്. രോഗം എത്രയും നേരത്തെ കണ്ടെത്തി സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കുകയും രോഗം വരാതിരിക്കുന്നതിനുള്ള ശീലവൽക്കരണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയുമാണ് അഭികാമ്യമായിട്ടുള്ളത്.

(ബി) ഇതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കാമോ;

&

(സി) സർക്കാർ തലത്തിൽ ഡയാലിസിസ് സെന്ററുകൾ നിലവിലില്ലാത്ത മണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ?

താലൂക്കാശുപത്രികളിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ ഘട്ടം ഘട്ടമായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ Strengthening of Dialysis Unit എന്ന പ്ലാൻ പദ്ധതി നിലവിലുണ്ട്. ഡയാലിസിസിനായി രോഗികൾ കൂടുതൽ ആശ്രയിക്കുന്നത് രക്തധമനികളിലൂടെയുള്ള ഡയാലിസിസ് (ഹീമോ ഡയാലിസിസ്) ആണ്. ഏറെ ചെലവേറിയതും ആശുപത്രിവാസം ആവശ്യമുള്ളതും ഹ്രസ്വ ഇടവേളകളിൽ ചെയ്യേണ്ടതുമായ ഹീമോ ഡയാലിസിസിനുപകരം താരതമ്യേന ചെലവ് കുറഞ്ഞതും വീടുകളിൽ വച്ചുതന്നെ ചെയ്യാവുന്നതുമായ പെരിടോനിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്ന തിനായാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നത്. സർക്കാർ ആശുപത്രികളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 (44+4) ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിൽ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6 ഡയാലിസിസ് ചികിത്സാ കോന്ദ്രങ്ങളിൽ 3 ആശുപത്രികളിലുള്ള ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. (കട്ടപ്പന താലൂക്കാശുപത്രി, അടിമാലി താലൂക്കാ ശുപത്രി, മലയിൻകീഴ് താലൂക്കാശുപത്രി) മറ്റ് 3 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. (താലൂക്കാശുപത്രി ആറ്റിങ്ങൽ, ജി.എച്ച്. ഇരിങ്ങാലക്കുട, പാറശ്ശാല താലൂക്കാശുപത്രി).